**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2560** **15-10-2024 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടവ് പൂർത്തിയാകുന്നതിനുള്ളിൽ മരണം സംഭവിക്കുകയോ ഗുരുതരമായ അസുഖം ബാധിക്കുകയോ ചെയ്യുന്നതിനെ തുടർന്ന് വായ്പ കുടിശ്ശികയാകുന്നവർക്ക് റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കേരള സഹകരണ നിയമം വകുപ്പ് 57 (ഡി) പ്രകാരം രൂപീകരിച്ച "കേരള സഹകരണ കടാശ്വാസ പദ്ധതി 2008" കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേനയാണ് നടപ്പിലാക്കി വരുന്നത്.<br><br>കേരള സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നില്ക്കുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി / കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി. പ്രസ്തുത പദ്ധതിയുടെ ധനസഹായം അനുവദിച്ച് നല്കുന്നത് റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായിട്ടാണ്.<br><br>സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്തതിനുശേഷം മരണപ്പെടുന്നവർക്ക് മരണാനന്തര സഹായം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(i) **റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 7 - റിസ്ക് ഫണ്ട് വിഹിതം**<br>വായ്പ എടുക്കുന്ന അംഗങ്ങളിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള, ബോർഡിന്റെ ബൈലോ വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം തുക (ഒരു വായ്പയ്ക്ക് മിനിമം 100/- രൂപയും പരമാവധി വിഹിതം 2000/- രൂപയും) ആയതിന്റെ 18% ജി.എസ്.റ്റി. യും ഈടാക്കുകയും പ്രസ്തുത തുക തൊട്ടടുത്ത മാസം 15-ആം തിയതിക്കുള്ളിൽ |

| | | | |
|---|---|---|---|
| | | | അടച്ചിരിക്കുകയും ചെയ്യുന്ന അംഗങ്ങൾക്കാണ് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത്.<br><br>(ii) <u>റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 5</u><br><br>മരണപ്പെട്ടതോ/മാരകരോഗം പിടിപ്പെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/മാരകരോഗം പിടിപ്പെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പാക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ ചികിത്സാ ധനസഹായം എന്നിവ ലഭിക്കുന്നത്.<br><br>(iii) <u>റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 4(ബി) കുടിശ്ശിക/ കാലാവധി</u><br><br>വായ്പാ കാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞു വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിയ്ക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ മണലൂർ മണ്ഡലത്തിൽ നിന്നും റിസ്ക് ഫണ്ടിനായുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ മണലൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന വിവിധ സഹകരണ സംഘങ്ങളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി ആകെ 176 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത അപേക്ഷകളിൽ റിസ്ക് ഫണ്ട് അനുവദിച്ചവ എത്രയെണ്ണമെന്നും അനുവദിച്ച തുക എത്രയെന്നും അറിയിക്കാമോ; | (സി) | ബോർഡിൽ ലഭ്യമായ 176 അപേക്ഷകളിൽ 38 അപേക്ഷകളിലായി 38,64,866/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | മണലൂർ മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ടിനായുള്ള എത്ര അപേക്ഷകൾ ഇനി തീർപ്പാക്കാനുണ്ട്; വിശദാംശങ്ങൾ നൽകാമോ? | (ഡി) | ബാക്കിനില്പുള്ള 138 അപേക്ഷകളിൽ 15 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുണ്ട്. 48 അപേക്ഷകളിൽ ഉള്ള ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/ സംഘത്തിന് അറിയിപ്പ് നൽകിയിട്ടുണ്ട്. 21 അപേക്ഷകളിൽ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ബാക്കിയുള്ള 54 പുതിയ അപേക്ഷകൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ